*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshvj@gmail.com

218th Issue - Volume 5, **ജാഗ്രത** 9th January 2012

**" തന്നെത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും; തന്നെത്തന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടും."**

**(മത്തായി 23:12)**




## പ്രധാന വാർത്തകൾ

**ഇടവകകൾ പാവപ്പെട്ടവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കണം: മാർ ജോർജ് ആലഞ്ചേരി**

---

**യുവജനങ്ങൾ നീതിക്കു പോരാടണം: ഡോ.ജോഷ്വാ മാർ ഇഗ്നാത്തിയോസ്**

---

**കുടുംബങ്ങൾ മൂല്യത്തിലധിഷ്ഠിതമായി സംഘടിക്കുന്നത് നാടിനുംസഭയ്ക്കും നല്ലതെന്ന് ആർച്ച് ബിഷപ് മാർ ജോസഫ് പെരുന്തോട്ടം**

---

**മാർ ആലഞ്ചേരി ദൈവം നൽകിയ ദാനം: മാർ ജോസഫ് പള്ളിക്കാപറമ്പിൽ**

---

**സീറോ മലബാർസഭയുടെ മേജർ ആർച്ച്ബിഷപ്പും എറണാകുളം-അങ്കമാലി മെത്രാപ്പോലീത്തയുമായ മാർ ജോർജ് ആലഞ്ചേരിയെ ബനഡിക്ട് പതിനാറാമൻ മാർപാപ്പ കർദിനാൾ പദവിയിലേക്ക് ഉയർത്തി.**

---

**മക്കളെ വിശ്വാസത്തിലും ധാർമികതയിലും വളർത്തണം: മാർ സെബാസ്റ്റ്യൻവടക്കേൽ**

---

## ജാഗ്രതാ വാർത്ത

**ജോലി ഭാരം സ്ട്രോക്ക് വരുത്തും**

## ചരിത്ര ജാഗ്രത

**.കാസിയായിലെ വിശുദ്ധ റീത്ത**

## വാരാന്ത്യവീക്ഷണം

**അഴിമതിയിൽ വളർച്ചയുടെ വർഷം .**

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Josey Ponnambal MSFS

## ഇടവകകൾ പാവപ്പെട്ടവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കണം: മാർ ജോർജ് ആലഞ്ചേരി



ഇടവകകൾ പാവപ്പെട്ടവരുടെയും സാധാരണക്കാരുടെയും ക്ഷേമത്തിനായി കൂടുതൽ ജാഗ്രതയോടെ പ്രവർത്തിക്കണമെന്ന് മേജർ ആർച്ച്ബിഷപ് മാർ ജോർജ് ആലഞ്ചേരി. നാലുകോടി സെന്റ് തോമസ് ഇടവകയുടെ പഞ്ചരജതജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു മേജർ ആർച്ച്ബിഷപ്. ജൂബിലി ആഘോഷങ്ങൾ മുൻകാല പ്രവർത്തനങ്ങളിലേക്കുള്ള തിരിഞ്ഞുനോട്ടത്തിനും തിരുത്തലിനുമുള്ള അവസരമാണെന്നും മാർ ജോർജ് ആലഞ്ചേരി കൂട്ടിച്ചേർത്തു. ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം അധ്യക്ഷത വഹിച്ചു.

## യുവജനങ്ങൾ നീതിക്കു പോരാടണം: ഡോ.ജോഷ്വാ മാർ ഇഗ്നാത്തിയോസ്



യുവജനങ്ങൾ നീതിക്കും സമാധാനത്തിനുംവേണ്ടി പോരാടുന്ന ദൗത്യവാഹകരാകണമെന്ന് മലങ്കര കത്തോലിക്കാ സഭ മാവേലിക്കര രൂപതാധ്യക്ഷൻ ഡോ.ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത. വൈഎംസിഎ ഇന്റർ നാഷണൽ യൂത്ത് സെന്റർ, പത്തനംതിട്ട വൈഎംസിഎ സബ് റീജിയൻ, അടൂർ വൈഎംസിഎ എന്നിവയുടെ ആഭിമുഖ്യത്തിലുള്ള ഹാർമണി സമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

## കുടുംബങ്ങൾ മൂല്യത്തിലധിഷ്ഠിതമായി സംഘടിക്കുന്നത് നാടിനുംസഭയ്ക്കും നല്ലതെന്ന് ആർച്ച് ബിഷപ് മാർ ജോസഫ് പെരുന്തോട്ടം



കുടുംബങ്ങൾ സംഘടിക്കുന്നതും അത് മൂല്യത്തിൽ അധിഷ്ഠിതമായി നിലനില്ക്കുന്നതും കുടുംബത്തിനും നാടിനും സഭയ്ക്കും നല്ലതാണെന്ന് ചങ്ങനാശേരി അതിരൂപത ആർച്ച് ബിഷപ് മാർ ജോസഫ് പെരുന്തോട്ടം പറഞ്ഞു. പുളിങ്കുന്ന് പള്ളിക്കൂട്ടുമ്മ ഫാത്തിമമാതാ പള്ളി പാരിഷ് ഹാളിൽ നടന്ന കാപ്പിൽ കുടുംബസംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ധാരാളം ദൈവവിളികളുള്ള, സാമൂഹ്യ, സാംസ്കാരിക, രാഷ്ട്രീയ രംഗങ്ങളിൽ നിരവധി വ്യക്തികളെ സംഭാവന ചെയ്ത കാപ്പിൽ കുടുംബക്കാരുടെ കുടുംബസംഗമം മറ്റുള്ളവർക്കു മാതൃകയാകട്ടെയെന്നും ധാർമികതയും കുടുംബാന്തരീക്ഷങ്ങളും മലിനമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കൂടുതൽ മൂല്യവത്തായി ചിന്തിക്കുന്നതിനും പ്രവർത്തിക്കുന്നതിനും നാടിനും രാഷ്ട്രത്തിനും നന്മയ്ക്കും ഉപകരിക്കട്ടേയെന്നും അദ്ദേഹം ആശംസിച്ചു.

## മാർ ആലഞ്ചേരി ദൈവം നൽകിയ ദാനം: മാർ ജോസഫ് പള്ളിക്കാപറമ്പിൽ



വിശുദ്ധിയിലും വിജ്ഞാനത്തിലും ഔന്നിത്യം പുലർത്തുന്ന വ്യക്തിത്വത്തിന്റെ ഉടമയാണ് മാർ ജോർജ് ആലഞ്ചേരിയെന്ന് മാർ ജോസഫ് പള്ളിക്കാപറമ്പിൽ. പതിനാലു വർഷത്തിലേറെ തക്കല രൂപതയെ നയിച്ച പ്രഗത്ഭനായ പിതാവായാണ് അദ്ദേഹത്തെ എല്ലാവരും കാണുക. അദ്ദേഹത്തിന് ആഴമായ വിശ്വാസമുണ്ട് ബോധ്യങ്ങളുണ്ട്. തന്റെ ദൗത്യനിർവഹണത്തിൽ വിശ്വസ്തതയുണ്ട് തീരുമാനങ്ങളെടുക്കുന്നതിൽ നിശ്ചയദാർഢ്യമുണ്ട് മറ്റുള്ളവരെ ശ്രവിക്കുന്നതിനും അവരിൽനിന്നു പഠിക്കുന്നതിനുമുള്ള വിനയമുണ്ട് വ്യക്തിബന്ധങ്ങളിൽ ആത്മാർഥതയുണ്ട്

**സീറോ മലബാർസഭയുടെ മേജർ ആർച്ച്ബിഷപ്പും എറണാകുളം-അങ്കമാലി മെത്രാപ്പോലീത്തയുമായ മാർ ജോർജ് ആലഞ്ചേരിയെ ബനഡിക്ട് പതിനാറാമൻ മാർപാപ്പ കർദിനാൾ പദവിയിലേക്ക് ഉയർത്തി.**

ഫെബ്രുവരി 18നു വത്തിക്കാനിൽ നടക്കുന്ന കൺസിസ്റ്ററിയിലാണ് ഔപചാരികമായ സ്ഥാനാരോഹണം. ക്രിസ്മസ് ആഘോഷങ്ങളുടെ പരിസമാപ്തി കുറിക്കുന്ന പ്രത്യക്ഷീകരണ തിരുനാളിലെ മധ്യാഹ്ന ജപവേളയിൽ മാർപാപ്പ പ്രഖ്യാപിച്ച 22 നിയുക്ത കർദിനാൾമാരിൽ ഏഷ്യയിൽനിന്നു മാർ ആലഞ്ചേരിക്കു പുറമേ ചൈനയുടെ ഭാഗമായ ഹോങ്കോംഗിലെ ബിഷപ് ജോൺ ടോംഗ് ഹോൻ മാത്രമേയുള്ളൂ. സീ റോ മലബാർ സഭയുടെ നാലാമത്തെ കർദിനാളാണ് അറുപത്താറുകാരനായ മാർ ജോർജ് ആലഞ്ചേരി. കാലംചെയ്ത കർദിനാൾ മാർ വർക്കി വിതയത്തിലിനുശേഷം മേജർ ആർച്ച്ബിഷപ്പായി മാർ ആലഞ്ചേരകഴിഞ്ഞ മേയ് 26നാണു തെരഞ്ഞെടുക്കപ്പെട്ടത്. സീറോ മലബാർ സഭയ്ക്ക് മേജർ ആർക്കിഎപ്പിസ്കോപ്പൽ പദവി ലഭിച്ചശേഷം സഭാ സിനഡുതന്നെ തെരഞ്ഞെടുത്ത ആദ്യത്തെ മേജർ ആർച്ച്ബിഷപ്പാണു മാർ ആലഞ്ചേരി. സീറോ മലബാർ സഭയുടെ പ്രഥമ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ആന്റണി പടിയറയ്ക്കു ശേഷം ചങ്ങനാശേരി അതിരൂപതയിൽനിന്നുള്ള രണ്ടാമത്തെ കർദിനാളാണു മാർ ആലഞ്ചേരി. ചങ്ങനാശേരി ആർച്ച്ബിഷപ്പായിരുന്ന മാർ പടിയറയിൽനിന്നാണു മാർ ആലഞ്ചേരി തിരുപ്പട്ടം സ്വീകരിച്ചത്.

## മക്കളെ വിശ്വാസത്തിലും ധാർമികതയിലും വളർത്തണം: മാർ സെബാസ്റ്റ്യൻവടക്കേൽ

മക്കളെ ദൈവവിശ്വാസത്തിലും ധാർമികതയിലും വളർത്തിക്കൊണ്ടുവരാൻ മാതാപിതാക്കൾ ശ്രദ്ധിക്കണമെന്ന് ഉജ്ജയിൻ രൂപതമെത്രാനും സീറോ മലബാർ പ്രേഷിത വർഷാചരണത്തിന്റെ മേജർ ആർക്കി എപ്പിസ്കോപ്പൽ കമ്മിറ്റി കൺവീനറുമായ മാർ സെബാസ്റ്റ്യൻ വടക്കേൽ അഭിപ്രായപ്പെട്ടു. പ്രേഷിത വർഷാചരണത്തിന്റെ ഭാഗമായി മുതിരേരി, ചെറുകാട്ടൂർ ഇടവകകളിൽ നല്കിയ സ്വീകരണ യോഗത്തിൽ പ്രസംഗിക്കുകയാരുന്നു അദ്ദേഹം. മധ്യപ്രദേശിലെ ഉജ്ജയിൻ രൂപതയിൽ ക്രിസ്തുവിന് സാക്ഷ്യം വഹിക്കാൻ അവിടുത്തെ വൈദികരും സിസ്റ്റേഴ്സും അല്മായ പ്രേഷിതരും പ്രതിജ്ഞാ ബന്ധരാണ് എന്ന് അദ്ദേഹം പറഞ്ഞു. മുതിരേരി ഇടവകയിൽ നടന്ന സ്വീകരണ യോഗത്തിൽ വികാരി ഫാ.ജോണി പെരിമാട്ടിക്കുന്നേൽ, പ്രേഷിത വർഷ രൂപത കോ-ഓർഡിനേറ്റർ ഫാ.ടോമി പുത്തൻപുരയ്ക്കൽ, ജോയി കുളങ്ങര, ജോസ് മേനച്ചേരി എന്നിവർ പ്രസംഗിച്ചു. കൈക്കാരൻമാർ, മതാധ്യാപകർ, സംഘടനാ നേതാക്കൾ തുടങ്ങിവർ നേതൃത്വം നല്കി. ചെറുക്കാട്ടൂർ ഇടവകയിൽനടന്ന സ്വീകരണത്തിന് വികാരി ഫാ.ജോർജ് ആലുക്ക നേതൃത്വം നല്കി. ദിവ്യബലിയ്ക്ക് ബിഷപ്പ് മാർ സെബാസ്റ്റ്യൻ വടക്കേൽ മുഖ്യകാർമികത്വം വഹിച്ചു.

## ജോലി ഭാരം സ്ട്രോക്ക് വരുത്തും

സമ്മർദ്ദം എന്ന വാക്ക് നമ്മുടെ ജീവിതത്തിൽ ഒഴിവാക്കാനാകാ ത്തതായി മാറിയിരിക്കുന്നു. ചെറിയ കുട്ടികൾ മുതൽ വൃദ്ധജനങ്ങൾ വരെ മിക്കവരും സമ്മർദ്ദം അനുഭവിക്കുന്നവരാണ് ജോലി സംബന്ധമായ പ്രശ്നങ്ങളാണ് ഇന്ന് മിക്ക ആളുകൾക്കും സമ്മർദ്ദം ഉണ്ടാക്കുന്നത്. കൂടുതൽ സമയം ജോലി ചെയ്യുന്നത്, ജോലി കൃത്യസമയത്ത് തീർക്കാൻ സാധിക്കുമോ എന്ന ഭയം, ജോലി സ്ഥലത്തെപീഡനം ഇവയെല്ലാം സ്ട്രെസ് ഉണ്ടാക്കുന്നു. പ്രത്യേകിച്ചും ഐടി മേഖലയിലുള്ള സംഘർഷങ്ങൾ ഉണ്ടാകുന്ന സാഹചര്യമാണ് നിലവിലുള്ളത് ഇത് ഗൗരവമായ മാനസികപ്രശ്നങ്ങൾ വരെ കാരണമാകുന്നു.മാനസിക സംഘർഷങ്ങൾ പ്രമേഹം, രക്തസമ്മർദം, ഹൃദ്രോഗം മുതലായവയ്ക്കു കാരണമാകും രാത്രി ജോലി ചെയ്യുന്നവർക്കും ഓവർടൈം ജോലി ചെയ്യുന്നവർക്കും ഭക്ഷണം, വിശ്രമം, ഉറക്കം മുതലായവയുടെ ചിട്ട തെറ്റുകയും അതുവഴി ശാരീരികവും മാനസികവുമായ രോഗങ്ങൾ ഉണ്ടാവുകയും ചെയ്യും.അമേരിക്കയിൽ ഈയിടെ ഇതു സംബന്ധിച്ച ഒരു പഠനം നടന്നു.തൊഴിലിടങ്ങളിൽ സമ്മർദ്ദം അനുഭവിക്കുന്ന പുരുഷന്മാർക്ക് സ്ട്രോക്ക് ഉണ്ടാകാൻ സാധ്യതയുണ്ട് എന്നാണ് പഠനം.ഉയർന്ന സോഷ്യൽ ക്ലാസിൽ പെട്ടതും നല്ല വിദ്യാഭ്യാസമുള്ളവരും ജോലിയിൽ ഉയർന്ന പദവിയിലുള്ളവരുമായോ തുടർച്ചയായി മാനസികസമ്മർദ്ദം അനുഭവിക്കുന്നവരുമായ പുരുഷന്മാർക്ക് സ്ട്രോക്ക് ഉണ്ടാകാനുള്ള സാധ്യത കൂടുതലാണ് പഠനത്തിൽ തെളിഞ്ഞു. ജോലി സ്ഥലത്ത് സമ്മർദം കൂടുതൽ അനുഭവിക്കുന്നതു മൂലമാണ് 10 ശതമാനവും ഈ ഗ്രൂപ്പിന് സ്ട്രോക്ക് വരാൻ കാരണമത്രേ. പുകവലി, ഉയർന്ന രക്തസമ്മർദ്ദം, പ്രമേഹം മുതലായവയാണ് സ്ട്രോക്ക് ഉണ്ടാകാനുള്ള മറ്റ് കാരണങ്ങൾ. കോപ്പൺ ഹേഗനിൽ 1970 മുതൽ 2001വരെ മൂന്ന് ദശാബ്ദക്കാലമായി താമസിക്കുന്ന 40 മുതൽ 59 വയസുവരെ പ്രായമുള്ള 5000 പുരുഷന്മാരിലാണ് പഠനം നടത്തിയത്. ജോലിസ്ഥത്ത് പതിവായി സമ്മർദ്ദം അനുഭവിക്കുന്നതാണോ അതോ അപൂർവ്വമായി മാത്രമേ സമ്മർദ്ദം ഉണ്ടാകാറുള്ളോ എന്ന് ചോദിച്ചു. 30 വർഷത്തെ പഠനത്തിൽ 779 പുരുഷന്മാർക്ക് സ്ട്രോക്ക് വന്നതായും 167 പേർ സ്ട്രോക്ക് മൂലം മരിച്ചതായും തെളിഞ്ഞു. ജോലി സ്ഥലത്തെ മാനസിക സമ്മർദ്ദം താഴത്തെ തട്ടിലെ ജോലിയും തമ്മിൽ ബന്ധമൊന്നും കണ്ടില്ല. സീനിയർ പദവിയിലുള്ള ചെറുപ്പക്കാരായ പുരുഷന്മാർക്കാണ് സ്ട്രോക്കിനുള്ള സാധ്യത കൂടുതലെന്നും പഠനം പറയുന്നു. കാരണം അവരാണ് ദിവസേന കൂടുതൽ സമ്മർദ്ദം അനുഭവിക്കുന്നവർ ഒക്യൂപ്പേഷണൽ ആൻഡ് എൻവയൺമെന്റൽ മെഡിസിൻ എന്ന ജേണലിലാണ് ഈ സമ്മർദ്ദമുള്ള ജോലിയാണ് നിങ്ങൾക്കുള്ളതെങ്കിൽ അൽപം ശ്രദ്ധിച്ചാൽ ആരോഗ്യത്തോടെയിരിക്കാം. ഭക്ഷണം ആരോഗ്യകരമാക്കുക. വറുത്തതും പൊരിച്ചതും ജങ്ക്ഫുഡുകളും ഒഴിവാക്കുക. പഴങ്ങളും പച്ചക്കറികളും ധാരാളം കഴിക്കുക. ദിവസവും അരമണിക്കൂറെങ്കിലും മുടങ്ങാതെ വ്യായാമം ചെയ്യുക. ജോലിക്കിടയിൽ വിശ്രമിക്കുക. ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കാതിരിക്കുക. റിലാക്സ് ചെയ്യാൻ സംഗീതം കേൾക്കുകയോ പ്രാർഥിക്കുകയോ ചെയ്യുക. ഇതെല്ലാം മാനസികാരോഗ്യവും അതുവഴി ശാരീരികാരോഗ്യവും നൽകും..

## .കാസിയായിലെ വിശുദ്ധ റീത്ത

-------------------------------------------

കന്യാസ്ത്രീയാകാനായിരുന്നു റീത്തായുടെ ആഗ്രഹം. മാതാപിതാക്കളുടെ കലുപിടിച്ച് അവൾ അക്കാര്യം അപേക്ഷിച്ചതുമാണ്. പക്ഷേ മാതാപിതാക്കൾ ആ ആഗ്രഹത്തിന് വിരുദ്ധമായി മകളെ വിവാഹം ചെയ്തയച്ചു. ക്രൂരനും സകലവിധ തിന്മകളുടെ ഉടമയുമായിരുന്നു റീത്തയുടെ ഭർത്താവ്. അവളെ കഠിനമായി ദേഹോപദ്രവവും അയാൾ ഏല്പിച്ചിരുന്നു. അവർക്ക് രണ്ട മക്കളുണ്ടായി. ഭർത്താവ് തന്റെ ചെയ്തികളെല്ലാം മക്കളെയും പഠിപ്പിച്ചിരുന്നു.

ഭർത്താവിന്റെയോ മക്കളുടേയോ ക്രൂരപ്രവൃത്തികളോ തിന്മയോ റീത്തയേ ദൈവത്തിൽ നിന്ന് അകറ്റിയില്ല. ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് അവൾ തന്റെ ദാമ്പത്യകടമകൾ വിശ്വസ്തതയോടെ നിർവഹിക്കുകയും ദിവ്യകാരുണ്യം എല്ലാ ദിവസവും സ്വീകരിക്കുകയും ചെയ്തുകൊണ്ടിരുന്നു. 20 വർഷത്തിനടുത്ത ദാമ്പത്യജീവിതത്തിനൊടുവിൽ ഭർത്താവ് ഒരു അക്രമിയുടെ കുത്തേറ്റ് മരിച്ചു. പക്ഷേ റീത്തയുടെ പ്രാർത്ഥനകൾക്ക് ദൈവം നല്കിയ മറുപടിയായി പശ്ചാത്തപിച്ചു കൊണ്ടായിരുന്നു അയാളുടെ മരണം സംഭവിച്ചത്.

അധികം വൈകാതെ അവളുടെ രണ്ട് മക്കളും മരിച്ചു. റീത്ത ലോകത്തിൽ ഒറ്റയ്ക്കായി. പ്രാർത്ഥന, ഉപവാസം, ദാനപ്രവൃത്തികൾ, മറ്റ് ജീവകാരുണ്യ പ്രവർത്തനങ്ങൾ..... റീത്തയുടെ ദിവസങ്ങളോരോന്നും കൂടുതലായി ദൈവത്തോടുകൂടെയായി. വൈകാതെ അഗസ്റ്റീനിയൻ കന്യാസ്ത്രീകളുടെ ആശ്രമത്തിൽ റീത്ത അംഗമായി. ഈശോയുടെ പീഡാസഹനങ്ങളോട് അങ്ങേയറ്റം ഭക്തിയും ആദരവുമാണ് റീത്ത പുലർത്തിയിരുന്നത്. ലോകരക്ഷകാ, അങ്ങയുടെ പാടുപീഡകളിൽ എന്നെയും പങ്കുചേർക്കൂ.. ഒരിക്കൽ ക്രൂശിതരൂപത്തെ നോക്കി റീത്ത പ്രാർത്ഥിച്ചു. പെട്ടെന്ന് ഈശോയുടെ മുൾമുടിയിൽ നിന്ന് ഒരു മുള്ള് തെറിച്ചു വീണ് റീത്തയുടെ നെറ്റിയിൽ പതിച്ചു. ജീവിതാന്ത്യം വരെ നീണ്ടു നിന്ന ഒരു മുറിവായി അത് മാറി. 1457 മെയ് 22ന് റീത്ത സ്വർഗ്ഗപ്രാപ്തയായി . അസാധ്യകാര്യങ്ങളുടെ മാധ്യസ്ഥയായി തിരുസഭ റീത്തയെ വണങ്ങുന്നു.

## അഴിമതിയിൽ വളർച്ചയുടെ വർഷം .

ഉള്ളതു പറഞ്ഞാൽ കുംഭകോണങ്ങളുടെ വർഷം എന്ന നിലയിലാണ് 2011 ചരിത്രത്തിൽ സ്ഥാനംപിടിക്കുക. ഉന്നത അധികാരകേന്ദ്രങ്ങളുടെ അഴിമതികൾ കഴിഞ്ഞവർഷം നിശ്ചിത ഇടവേളകളിൽ പുറത്തുവന്നുകൊണ്ടിരുന്നു. ഇതിനു മുമ്പൊരിക്കലും ഉന്നതങ്ങളിലെ അഴിമതികൾ ഇത്ര കൂടിയ തോതിൽ രാജ്യം കണ്ടിട്ടില്ല. രാജ്യത്തിന്റെ ധാർമിക അടിത്തറയ്ക്കുതന്നെ ഇതു ക്ഷതമുണ്ടാക്കി. ഡോ. മൻമോഹൻ സിംഗിനെപ്പോലെ സംശുദ്ധ പ്രതിച്ഛായയുള്ള ഒരു പ്രധാനമന്ത്രി ഭരിക്കുമ്പോഴാണ് ഇതു സംഭവിച്ചതെന്നതാണ് ഇതിലെ വൈരുധ്യം. ഉയർന്ന സാമ്പത്തിക വളർച്ചയിലേക്കു രാജ്യത്തെ നയിച്ചുകൊണ്ടിരുന്ന മൻമോഹൻ സിംഗിന്റെ ഭരണത്തിൻകീഴിൽ സാമ്പത്തികവളർച്ച കഴിഞ്ഞവർഷം താഴോട്ടു പോയതു മറ്റൊരു വൈരുധ്യം. അതേസമയം, അഴിമതിയുടെ വളർച്ചാനിരക്ക് ഏറ്റവും ഉയർന്നതുമായിരുന്നു. അഴിമതിക്കു തടയിടാനും അഴിമതിക്കാരെ ശിക്ഷിക്കാനും കാര്യമായി യാതൊരു ശ്രമവുമുണ്ടാകുന്നില്ല എന്നതാണ് ഏറ്റവും കഷ്ടം. മാധ്യമങ്ങൾ അഴിമതി പുറത്തുകൊണ്ടുവരികയും കോടതികൾ അതുസംബന്ധിച്ച കേസുകൾ ഏറ്റെടുക്കുകയും ചെയ്യുമ്പോൾ മാത്രമാണ് അധികാരികൾ എന്തെങ്കിലും പ്രവർത്തിക്കുന്നത്. മുന്നണിരാഷ്ട്രീയത്തിന്റെ കുഴപ്പമാണിതെന്ന ദുർബലമായ വാദത്തിൽ സത്യസന്ധനായ മൻമോഹൻസിംഗ് പോലും അഭയം കണ്ടെത്തുന്നു. മുന്നണിരാഷ്ട്രീയത്തിന്റെ സമ്മർദംകൊണ്ടായാലും പ്രവർത്തിക്കാനുള്ള കഴിവുകേടുകൊണ്ടായാലും അഴിമതി തഴച്ചുവളരുന്നതാണു കഴിഞ്ഞവർഷം കണ്ടത്. സുപ്രധാന വകുപ്പുകൾ ഭരിക്കുന്ന മന്ത്രിമാർപോലും പലവിധ ആരോപണങ്ങൾ നേരിട്ടു. രേഖകളുടെ പിൻബലത്തോടെയായിരുന്നു മിക്കപ്പോഴും ഇത്തരം ആരോപണങ്ങൾ. 2ജി സ്പെക്ട്രം ഇടപാട്, ആദർശ് ഫ്ളാറ്റ് നിർമാണത്തിലെ അധികാര ദുർവിനിയോഗം, ഐപിഎൽ ക്രമക്കേടുകൾ, കോമൺവെൽത്ത് ഗെയിംസ് അഴിമതി, കർണാടക മുൻ മുഖ്യമന്ത്രി യദിയൂരപ്പ കുടുംബക്കാർക്ക് വഴിവിട്ട് നൽകിയ ആനുകൂല്യങ്ങൾ, ബിജെപി നേതാക്കളുടെ കർണാടകയിലെ ഖനി മാഫിയയുമായുള്ള ബന്ധം തുടങ്ങിയ കേസുകളിൽ സിബിഐ അന്വേഷണം നടത്തുകയും കോടതികൾ അവ സസൂഷ്മം നിരീക്ഷിച്ചുവരികയും ചെയ്യുന്നു. പല വൻതോക്കുകളും പ്രോസിക്യൂഷൻ നടപടി നേരിടേണ്ടിവരുന്ന അവസ്ഥയാണ്. അഴിമതിയിൽ മനംമടുത്തു വ്യവസ്ഥിതിയിലുള്ള വിശ്വാസംപോലും നഷ്ടപ്പെട്ടുവരുന്ന പൊതുജനത്തിന് ഇതൊക്കെ അല്പം ആശ്വാസംപകരുന്നുണ്ടെന്നു മാത്രം. നിയമവാഴ്ച ഇപ്പോഴും നടക്കുന്നുണ്ട് എന്നതിലാണ് അവർക്ക് ആശ്വാസം. എന്നാൽ, രാഷ്ട്രീയനേതൃത്വത്തിന്റെയും ഉദ്യോഗസ്ഥവൃന്ദത്തിന്റെയും വിശ്വാസ്യത ക്രമമായി നഷ്ടപ്പെട്ടുവരുന്നു. പാവപ്പെട്ട ജനങ്ങളെ ഭരണാധികാരികൾ കൊള്ളയടിക്കുന്നു എന്നുള്ള ധാരണ പ്രബലമായിട്ടുണ്ട്. ഈ രാഷ്ട്രീയക്കളിയിൽ വിവിധ നിറങ്ങളിലുള്ള രാഷ്ട്രീയക്കാർ തമ്മിൽ ഒരു വ്യത്യാസവുമില്ല.

**"Jagratha News"** - An internet news service is free and for private circulatio
**Web:** www.kcbcsocialharmony.org **Blog:** jagrathakcbc.blogspot.com
**Designed and Edited by** , Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA